## സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് പള്ളി

## കുന്നയ്ക്കാൽ വെസ്റ്റ്

കടമറ്റം പള്ളിയിൽ നിന്നും പിരിഞ്ഞ് സ്ഥാപിതമായ ദേവാലയമാണിത്. വാളകം വില്ലേജിൽ വാളകം-മണ്ണൂർ റോഡിനഭിമുഖമായി സ്ഥിതി ചെയ്യുന്ന ഈ ദേവാലയത്തിന് നെടുംകുഴിയിൽ ശ്രീ. പുരവത്ത് വർക്കിയാണ് സ്ഥലം ദാനമായി നൽകിയത്. കുറ്റാപ്പിള്ളിൽ ബഹു. തോമസ് കത്തനാരായിരുന്നു ശിലാസ്ഥാപനം നിർവ്വഹിച്ചത്.

മാതൃ ഇടവകയായ കടമറ്റം പള്ളിയിലെ വികാരിമാരോടൊപ്പം കുന്നക്കുരുടി മാറാച്ചേരി (ചേലാട്ട്) ഇസഹാക്ക് കത്തനാരുടെ പൂർണ്ണ സഹകരണവും പള്ളിസ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. കുറ്റാപ്പിള്ളിൽ ബഹു. തോമസ് കത്തനാരായിരുന്നു പ്രഥമ വികാരി. 1925 മുതൽ കുറേക്കാലം ഇടവകക്കാരനായിരുന്ന വട്ടമറ്റത്തിൽ ബഹു. പൗലോസ് കത്തനാരായിരുന്നു വികാരി. ഇടവകയിൽപെട്ട നെടുകുഴിയിൽ ഫാ. എൻ.ഐ. പൗലോസ് 1965 മുതൽ ഇവിടെ സേവനമനുഷ്ഠിച്ചു വരുന്നു.

1964 നവംബർ 16-ാം തീയതി അന്നത്തെ ഇടവക മെത്രാപ്പോലീത്തയായിരുന്ന പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ കൂടിയ പള്ളി പൊതുയോഗം മലങ്കര സഭാ ഭരണഘടനാനുസൃതമായിരിക്കണമെന്നും ഐക്യകണ്ഠേന തീരുമാനിച്ചു. അന്നുമുതൽ പള്ളിഭരണം മലങ്കര സഭാ ഭരണഘടനാനുസൃതമായി നടന്നുവന്നിരുന്നു. 1975-ൽ ഒരു വിഘടിത വിഭാഗം സഭാ ഭരണഘടനയേയും കാതോലിക്കയേയും ധിക്കരിക്കുവാൻ തുടങ്ങിയതിനേത്തുടർന്ന് ഇരു കക്ഷികളും തമ്മിൽ ഇവിടെ വ്യവഹാരങ്ങൾ നടന്നിരുന്നു.പ. ഗീവർഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയത്തിലെ കല്ലിട്ട പെരുന്നാൾ നവംബർ 14, 15 തീയതികളിലും ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 5,6 തീയതികളിലും കൊണ്ടാടി വരുന്നു.

വികാരി: റവ. ഫാ. എൻ.ഐ. പൗലോസ്, നെടുംകുഴിയിൽ